# മുൾപ്പാതയിലൂടെ മുന്നോട്ട്

നാം മുജാഹിദുകൾ. ലാഇലാഹ ഇല്ലല്ലാഹ് എന്ന കലിമത്തു തൗഹീദിൽ നിന്നും ഊർജവും വീര്യവും ഉൾക്കൊണ്ട് പ്രവർത്തിക്കുന്നവർ. ഭൗതികമായ ഒരു ലക്ഷ്യവും ആഗ്രഹിക്കാത്തവർ. ഭൗതിക ലോകത്ത് നഷ്ടങ്ങളുടേയും പീഡനങ്ങളുടേയും, പരിഹാസങ്ങളുടേയും കണക്കുകൾ മാത്രമുള്ളവർ. പരലോകമാണ് ലക്ഷ്യം. സ്വർഗത്തോടാണ് അടങ്ങാത്ത ആഗ്രഹമുള്ളത്. നംറൂദുമാരോടും ഫറോവമാരോടും പൊരുതിയ പ്രവാചകൻമാരുടെ പിൻമുറക്കാരായ നമുക്ക് വിശ്രമിക്കാൻ സമയമായിട്ടില്ല. മുജാഹിദിന് വിശ്രമിക്കാൻ സമയമില്ലെന്നതാണ് നേര്. അവൻ അല്ലാഹുവിൻെറ മാർഗത്തിലെ ധീരപോരാളിയാണ്. പോരാളിയുടെ വിശ്രമസങ്കേതം സ്വർഗമാണ്. നംറൂദുമാരും ഫറോവമാരും അബൂജഹ്‌ലുമാരും ഇന്നും ഇവിടെ വിഹരിക്കു മ്പോൾ മുജാഹിദേ, എവിടെ നിനക്ക് വിശ്രമിക്കാൻ നേരം.

മുജാഹിദുകൾ സമൂഹത്തിന് മാതൃകയാകേണ്ടവരാണ്. വിശ്വാസത്തിൽ, കർമത്തിൽ, സ്വഭാവത്തിൽ എന്നു വേണ്ട എല്ലാ കാര്യങ്ങളിലും ആരേയും കാത്തിരിക്കേണ്ടവരൊ ഒഴുക്കിനനുസരിച്ച് നീന്തേണ്ടവരൊ അല്ല അവർ. പ്രത്യുത, ഒഴുക്കിനെതിരെയാണ് നീന്തേണ്ടത്. നന്മയുടെ കൈത്തിരിയുമായി തിന്മക്കെതിരെയാണ് നമ്മൾ, മുജാഹിദുകൾ പടപൊരുതേണ്ടത്. മുൻഗാമികൾ പടപൊരുതി വെട്ടിത്തെളിച്ച പാതയിലൂ ടെയാണ് നാം സഞ്ചരിക്കുന്നത്.

> ഇനിയും പ്രധാനമായും പറയാനുള്ളത് തൗഹീദു തന്നെ. ഈ മാർഗ്ഗത്തിൽ ആരൊക്കെ എന്താക്കെ തടസ്സങ്ങൾ സൃഷ്ടിച്ചാലും ഇനിയും പിരിഞ്ഞു പോകണമെന്ന് ആഗ്രഹിക്കുന്നവർ പിരിഞ്ഞു പോയാലും പ്രതിസന്ധി ഘട്ടത്തിൽ ഈ പ്രസ്ഥാനത്തിന്റെ തോൾചേർന്നു നിൽക്കാതെ ആരൊക്കെ നിഷ്പക്ഷത നടിച്ച് മാറിനിന്നാലും ശാരീരിക പീഡനങ്ങൾ എത്ര ഏൽക്കേണ്ടി വന്നാലും നമ്മൾ പിന്മാറിക്കൂടാ

അവർ പടുത്തുയർത്തിയ ഒരു പ്രസ്ഥാനം ഒരു വടവൃക്ഷമായി വളർന്നിരിക്കുന്നു. ശിർക്കിനെതിരിൽ തൗഹീദ് മാത്രം പറഞ്ഞാണവർ ഈ വൃക്ഷത്തെ വളർത്തിയത്. അത് നാം മറന്നുകൂടാ. ഇരുൾ നിറഞ്ഞ തൊള്ളായിരത്തി ഇരുപതുകളിലെ കേരള മുസ്‌ലിംകളുടെ അവസ്ഥ പരിശോധിക്കപ്പെട്ടു മ്പോഴാണ് തൗഹീദീ പ്രബോധനം കൊണ്ട് കൈവരിച്ച പുരോഗതി മനസിലാകുകയുള്ളൂ. വിശുദ്ധ വേദം വിശ്വാസിക്ക് വർജ്യമായിരുന്നു. പ്രവാചക വചനങ്ങൾ അവന്ന് അസ്പർശ്യമായിരുന്നു. മാലകളും നൂലാമാലകളിലും അവൻ കെട്ടുപിണഞ്ഞു കിടക്കുകയായിരുന്നു. ജീവിതാനുഗ്രഹങ്ങൾ നൽകിയ റബ്ബിനെ വിസ്മരിച്ച്, പുലരാത്ത സ്വപ്നങ്ങളുടെ സാഫല്യത്തിന് മഹാത്മാക്കളുടെ ദർഗക്കുമുന്നിൽ, അന്ത്യപ്രവാചകൻെറ അനുയായികൾ കരഞ്ഞു കാത്തുനിൽക്കുന്ന തമോകാലമായിരുന്നു അത്.

എന്നാൽ തൻെറ അടിമകളെ ഇത്തരം തമസിൽ തളച്ചിടാൻ കരുണാവാരിധിയായ അല്ലാഹു അനുവദിക്കില്ലല്ലൊ? ദുനിയാവിനേക്കാൾ പാരത്രിക ജീവിതത്തിന് പ്രാധാന്യം കൊടുക്കുകയും തങ്ങളുടെ റബ്ബിനെ ഭയപ്പെട്ട് ജീവിക്കുകയും ചെയ്തിരുന്ന പണ്ഡിതൻമാരെക്കൊണ്ട് കേരള മുസ്‌ലിംകൾക്ക് അല്ലാഹു അനുഗ്രഹം ചെയ്തു. ആ പണ്ഡിതൻമാർ സഹിച്ച ത്യാഗങ്ങൾ വിവരണാധീതമാണ്. അവരുടെ ഉദാത്ത പ്രവർത്തനം കേരളാന്തരീക്ഷത്തെ ആവരണം ചെയ്തിരുന്ന ഇരുണ്ട തിരശീലയിൽ ദ്വാരങ്ങളും വിള്ളലുകളുമുണ്ടാക്കി. അവയിലൂടെ സത്യത്തിൻെറ പ്രകാശരശ്മികൾ ജനങ്ങളിലേക്ക് പ്രവഹിച്ചു. ആരാധനാമേഖലയിലെ ശിർക്ക്, ബിദ്അത്ത്,

ഖുറാഫാത്ത് മേഖലകളിലാണ് നമ്മുടെ മുൻഗാമികൾ ആദ്യം മുതൽക്കേ കൈ വെച്ചത്. പ്രബോധനത്തിന്റെ മുൻഗണനാക്രമവും അതാണല്ലോ.

പ്രബോധകരുടെ കയ്യിൽ ധനമുണ്ടായിരുന്നില്ല. അരിവിതരണവും മരുന്നുവിതരണവും നൽകാമെന്നു വിചാരിച്ചാൽ തന്നെ അന്നതിനു കഴിയുമായിരുന്നില്ല. പകർച്ച വ്യാധിയും, പട്ടിണിയും നിറഞ്ഞ ആ ഇരുണ്ട കാലത്ത് പോലും ഒരു പിടി അരിയൊ, ഒരു കുപ്പി നാഡിക്ഷായമൊ, ഗോരോചനാദി ഗുളികയൊ നൽകി അവരുടെ മനസ് മാറ്റിക്കൊണ്ടായിരുന്നില്ല അവർ ദീനീ പ്രബോധനം നടത്തിയിരുന്നത് എന്നത് വിസ്മരിക്കാവതല്ല. കാരണം, അത്രമാത്രം ശോചനീയമായ അക്കാലത്ത്, സാമൂഹ്യ, ജീവി കാരുണ്യ പ്രവർത്തനത്തിന് ഫലം കാണുന്ന ഒരവസ്ഥയായിരുന്നല്ലൊ? പക്ഷെ, ആ ത്യാഗികൾ പ്രവാചകൻമാരുടെ മാതൃകയാണ് പ്രബോധനത്തിനായി തെരഞ്ഞെടുത്തത്. എന്നിട്ടും അതൊരു വടവൃക്ഷമായി വളർന്നു. കേരളക്കരയിൽ ആർക്കും അവഗണിക്കാനാകാത്ത വൻശക്തിയാണ് ഇസ്വ്ലാഹീ പ്രസ്ഥാനം. (അൽഹംദുലില്ലാഹ്). തൗഹീദു പറഞ്ഞാണ് ഈ പ്രസ്ഥാനം ഇത്രയും വളർന്നത്. ഇനിയും പ്രധാനമായും പറയാനുള്ളത് തൗഹീദു തന്നെ. ഈ മാർഗത്തിൽ ആരൊക്കെ എന്തൊക്കെ തടസങ്ങൾ സൃഷ്ടിച്ചാലും, ഇനിയും പിരിത്തു പോകണമെന്ന് ആഗ്രഹിക്കുന്നവർ പിരിഞ്ഞു പോയാലും, പ്രതിസന്ധിഘട്ടത്തിൽ ഈ പ്രസ്ഥാനത്തിന്റെ തോൾ ചേർന്നു നിൽക്കാതെ ആരൊക്കെ നിഷ്പക്ഷത നടിച്ചു മാറിനിന്നാലും, ശാരീരിക പീഡനങ്ങൾ എത്ര ഏൽക്കേണ്ടി വന്നാലും നമ്മൾ പിൻമാറിക്കൂടാ.

**തൗഹീദു വെട്ടിത്തുറന്നു പറയാൻ ചിലർക്കു മടിയാണ്. അല്ലെങ്കിൽ ഭയം. തൗഹീദിന്റെ രംഗം മുൾപ്പാതയാണ്, അതിലൂടെ നാം ക്ഷമയോടെ നടന്നേ പറ്റു. കാരണം, ആ പാത സ്വർഗത്തിലേക്കുള്ളതാണ്.**

ശിർക്കിനോടും ബിദ്അത്തിനോടുമുള്ള സമരത്തിൽ നിന്നും മുജാഹിദുകൾ മുഖം തിരിക്കാൻ പാടുള്ളതല്ല. വിശ്വാസ വൈകല്യം ബാധിച്ച ജനസമൂഹ ത്തോടൊപ്പം ഒഴുകി നടക്കാൻ യഥാർത്ഥ വിശ്വാസികൾക്ക് സാധിക്കുകയില്ലല്ലൊ. പാരത്രിക വിജയമാണ് വിശ്വാസിയുടെ ലക്ഷ്യമെന്നത് വിസ്മരിക്കരുത്. അല്ലാഹുവിന്റെ മുമ്പിൽ ന്യായം പറയാൻ സാധിക്കണം. ശിർക്കിന്റെ വക്താക്കൾ നമ്മുടെ പ്രവർത്തനം കൊണ്ട് ഒരുപക്ഷെ ജീവിതത്തിൽ സൂക്ഷ്മത പാലിക്കുകയാണെങ്കിൽ ദുനിയാവിലും ആഖിറത്തിലും അതിനേക്കാൾ വലിയൊരു വിജയം നമുക്കെന്താണുള്ളത്.

"അല്ലാഹു നശിപ്പിക്കുകയൊ, കഠിനമായി ശിക്ഷിക്കുകയൊ ചെയ്യാൻ പോകുന്ന ഒരു ജനവിഭാഗത്തെ നിങ്ങളെന്തിനാണ് ഉപദേശിക്കുന്നത്? എന്ന് അവരിൽപ്പെട്ട ഒരു സമൂഹം പറഞ്ഞ സന്ദർഭം. അവർ പറഞ്ഞു: നിങ്ങളുടെ രക്ഷിതാവികൽ ഞങ്ങൾ അപരാധത്തിൽ നിന്ന് ഒഴിവാകുന്നതിന് വേണ്ടിയാണ്. ഒരു വേള അവർ സൂക്ഷ്മത പാലിച്ചെന്നും വരാമല്ലൊ?" (അഅ്റാഫ്: 164)

തൗഹീദിന്റെ ഒരു തരിവെട്ടം ലഭിക്കാതെ മരണപ്പെട്ടവർ നാളെ റബ്ബിന്റെ കോടതിയിൽ ചിലപ്പോൾ വാദിച്ചു നോക്കുമല്ലൊ? 'നാഥാ, ഒരുപറ്റം ആളുക ളുടെ കയ്യിൽ നിന്റെ വേദഗ്രന്ഥവും നിന്റെ റസൂലിന്റെ ചര്യയുമുണ്ടായിരുന്നു. പക്ഷെ, അതിനെക്കുറിച്ച് അവർ ഞങ്ങളോട് ഒരിക്കലും പറഞ്ഞിരുന്നില്ല. ഞങ്ങളുടെ മനസുകളെ മാറ്റിയെടുക്കാൻ വേണ്ടി ഭക്ഷണവും, വസ്ത്രവും, ഔഷധവും അവർ ഞങ്ങൾക്കു നൽകിയിരുന്നു. ഞങ്ങളുടെ മനസുകൾ പാകപ്പെടുത്തുകയായിരുന്നു അവർ. നിർഭാഗ്യകരമെന്നു പറയട്ടെ, ഞങ്ങളുടെ മനസുകൾ പാകപ്പെടും മുമ്പെ നീ ഞങ്ങളെ തിരിച്ചു വിളിച്ചില്ലെ? അതിനാൽ ഞങ്ങൾക്ക് തൗഹീദിന്റെ സന്ദേശം ലഭിച്ചില്ലല്ലൊ.' തൗഹീദിന്റെ പൊൻപ്രഭ ലഭിക്കാത്തവർ നാളെ നാഥന്റെ മുമ്പിൽ ഇങ്ങനെ പരാതി

സമർപ്പിച്ചാൽ, ഖുർആനും സുന്നത്തും പഠിച്ച സമൂഹമേ, നാമെന്തു മറുപടി പറയും?

മുസ്‌ലിം സമുദായം ഒരു പ്രബോധക സംഘമാണ്. പ്രവാചകന്റെ പാത തന്നെയാണ് പ്രബോധകന്റെ പാതയും. അത് പൂവിരിക്കപ്പെട്ട രാജപാതയല്ല, മുള്ളുകൾ നിറഞ്ഞ ഊടുവഴിയാണ്. ചെങ്കുത്തായ മലകയറ്റമാണ്. തൗഹീദിന്റെ ശബ്ദം കേൾപ്പിക്കുമ്പോൾ എതിർപ്പുണ്ടാകും. സ്വാഭാവികമാണത്. പ്രവാചകൻമാർ അഖിലവും പീഡിപ്പിക്കപ്പെട്ടത് ഈ വിഷയം പറഞ്ഞപ്പോഴാണല്ലോ. തങ്ങളുടെ ചുറ്റുമുള്ള മനുഷ്യർക്ക് വെളിച്ചം കാണിക്കേണ്ടവരാണ് നമ്മൾ. ഓരോ മുജാഹിദും ഓരോ വിളക്കാണ്. പക്ഷെ, അധികവിളക്കുകളും പലപ്പോഴും കത്തുന്നില്ല എന്നത് നിഷേധികാനാകില്ല. തൗഹീദു വെട്ടിത്തുറന്നു പറയാൻ ചിലർക്കു മടിയാണ്. അല്ലെങ്കിൽ ഭയം. തൗഹീദിന്റെ രംഗം മുൾപ്പാതയാണ്, അതിലൂടെ നാം ക്ഷമയോടെ നടന്നേ പറ്റു. കാരണം, ആ പാത സ്വർഗത്തിലേക്കുള്ളതാണ്.

(അവലംബം: വിചിന്തനം വാരിക)